# നരേന്ദ്ര മോദി ഒരു വഴിത്തിരിവിലോ?

**ക**ഴിഞ്ഞ മൂന്നു കൊല്ലക്കാലത്ത് നരേന്ദ്ര മോദി സർക്കാർ അപൂർവം അവസരങ്ങളിലൊഴിച്ച് തിരഞ്ഞെടുപ്പുകളിൽ തുടർച്ചയായി വിജയം നേടിക്കൊണ്ടിരിക്കുന്നു. 2015-ലെ ഡൽഹി സംസ്ഥാന തിരഞ്ഞെടുപ്പിലും 2016-ലെ ബീഹാർ തിരഞ്ഞെടുപ്പിലും മാത്രമാണ് മോദിക്ക് അടിയറവ് പറയേണ്ടിവന്നത്. പക്ഷേ, 2014-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഉത്തർപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ നേടിയ ക്ലീൻ സ്വീപ്പ് വിജയത്തിന്റെ തുടർച്ചയായി ഇക്കൊല്ലം നടന്ന ഉത്തർപ്രദേശ്, ഉത്തരഖണ്ഡ് മുതലായ സംസ്ഥാന തിരഞ്ഞെടുപ്പുകളിലും വമ്പിച്ച വിജയമാണ് മോദി രേഖപ്പെടുത്തിയത്. അതോടൊപ്പം അദ്ദേഹത്തിനും ബി.ജെ.പി. സർക്കാരിനുമുള്ള ജനപിന്തുണയും വർധിച്ചു.

ഇങ്ങനെ പൊതുവെ നരേന്ദ്ര മോദിയും ബി.ജെ.പി. സർക്കാരും വിജയത്തിൽനിന്നും വിജയത്തിലേക്ക് ജൈത്രയാത്ര നടത്തുമ്പോൾതന്നെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പോക്ക് വിപരീതദിശയിലാണ്. നമ്മുടെ ഇക്കോണമിയുടെ വളർച്ചാ നിരക്ക് ക്രമമായി കുറയുന്നു. 7 ശതമാനം വളർച്ചാനിരക്ക് പ്രതീക്ഷിച്ചിടത്ത് 5.7 ശതമാനം മാത്രമാണ് നാം ഇക്കൊല്ലം നേടാൻ പോകുന്നത് എന്നു വിദഗ്ധന്മാർ പ്രവചിക്കുന്നു. സർക്കാരിന്റെ ജനപിന്തുണയും സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയും വിപരീതദിശകളിൽ! ഇങ്ങനെപോയാൽ നാം എവിടെ എത്തും? സാമ്പത്തിക വിദഗ്ധന്മാർ മറുപടി പറയേണ്ട ചോദ്യമാണിത്. സമ്പദ്‌വ്യസ്ഥയുടെ വളർച്ച താഴോട്ട് ആയാൽ സർക്കാരിന്റെ ജനപിന്തുണയും തകരില്ലേ?

1970-കളിലെ ഇന്ദിരാഗാന്ധി സർക്കാരിന്റെ സ്ഥിതിയാണ് ഓർമ്മയിലെത്തുന്നത്. 1969-ലെ കോൺഗ്രസ്സിന്റെ പിളർപ്പിനുശേഷം പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പുതിയ നയപ്രഖ്യാപനങ്ങൾ നടത്തി. ബാങ്കുകൾ ദേശസാൽക്കരിച്ചു. പഴയ രാജാക്കന്മാരുടെ പ്രിവിപേഴ്സുകൾ നിറുത്തലാക്കി. ദേശവൽകൃത ബാങ്കുകളെകൊണ്ട് പാവപ്പെട്ടവർക്ക് കൂടുതൽ കടം ലഭ്യമാക്കി. ഏറ്റവും കൂടുതൽ വരുമാനമുള്ള പണക്കാരുടെ ആദായനികുതി നിരക്കുകൾ 97 ശതമാനം വരെ ഉയർത്തി. ഗരീബി ഹത്താവോ (ദാരിദ്ര്യം ഇല്ലാതാക്കൂ) എന്ന ആവേശകരമായ മുദ്രാവാക്യം മുഴക്കി. എല്ലാറ്റിനുപരിയായി 1971 അവസാനം പാക്കിസ്ഥാനെ നിർണായകമായ ഒരു യുദ്ധത്തിൽ പരാജയപ്പെടുത്തി. അങ്ങനെ ലോകം ബംഗ്ലാദേശിന്റെ ഉദയം കണ്ടു. ചുരുക്കത്തിൽ ഇന്ദിരാഗാന്ധിയുടെ വ്യക്തിത്വത്തിന്റെ മാറ്റ് ഉയർന്നു. ഒരുതരം വീരാരാധനയുടെ തലത്തിലേക്ക് ഉയരുന്ന ഒരു പേഴ്സണാലിറ്റി കൾട്ട് (personality cult) ന്റെ ലക്ഷണങ്ങൾ വ്യക്തമായിരുന്നു. ഇന്ന് നരേന്ദ്ര മോദിയും ഏതാണ്ടിതുപോലെ മുന്നോട്ടു കുതിക്കുകയല്ലേ?

ഭൂട്ടാൻ അതിർത്തിയിൽ ദോക്കലാമിൽ ഇന്ദിരാഗാന്ധിയുടെ ബംഗ്ലാദേശ് വിജയത്തിന് സമാനമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിലും ചൈനയെ വെല്ലുവിളിച്ചുകൊണ്ട് നിലയുറപ്പിക്കാനെങ്കിലും നരേന്ദ്ര മോദിക്ക് കഴിഞ്ഞതിൽ സന്തോഷിക്കുന്നവരാണ് ഭാരതീയർ. ഇന്ത്യയിലെ പ്രതിപക്ഷങ്ങളുടെ ശക്തിയില്ലായ്മയും നേതൃത്വത്തിന്റെ കഴിവില്ലായ്മയും നരേന്ദ്ര മോദിക്ക് കുറേയധികം മുൻതൂക്കം നേടാനും വിജയിയുടെ പരിവേഷം ധരിക്കാനും സഹായകരമായിട്ടുണ്ട്.

അതിനിടയ്ക്കാണ് യു.പിയിലും വടക്കേ ഇന്ത്യയുടെ പല ഭാഗങ്ങളിലും ഹിന്ദുത്വം, ഗോസംരക്ഷണം മുതലായ ആശയങ്ങൾക്ക് പ്രചാരം നൽകി വിഭാഗീയത ഊട്ടിവളർത്താനുള്ള ശ്രമം. നോട്ട് റദ്ദാക്കൽ വരുത്തിവച്ച അപചയങ്ങളെ മൂടിവച്ചുകൊണ്ട്, നോട്ട് റദ്ദാക്കലിന്റെ പ്രധാന ഉദ്ദേശ്യം പണക്കാരന്റെ കള്ളപ്പണം പിടിച്ചെടുത്ത് പാവപ്പെട്ടവന് നൽകുകയായിരുന്നുവെന്നും ആ ഉദ്യമം വിജയമായിരുന്നുവെന്ന് വരുത്തിത്തീർക്കാനും നരേന്ദ്ര മോദി ശ്രമിക്കുന്നുണ്ട്. ഇതെല്ലാംകൂടി നോക്കിയാൽ 1972-ൽ ഇന്ദിരാഗാന്ധി നേടിയെടുത്ത പ്രാധാന്യം ഇന്നത്തെ ഇന്ത്യയിൽ നരേന്ദ്ര മോദിയും നേടിക്കൊണ്ടിരിക്കുകയല്ലേ?

പക്ഷെ, 1972 കഴിഞ്ഞപ്പോഴേയ്ക്കും ഇന്ദിരാഗാന്ധിക്ക് ക്ഷീണമുണ്ടാകാൻ തുടങ്ങി. സാമ്പത്തികമേഖലയിൽ രാജ്യം നേരിട്ട അപചയങ്ങളുടെ ഫലമായിട്ടായിരുന്നു ഇതു സംഭവിച്ചത്. അക്കാലത്ത് 1973-ലെ എണ്ണവില വർധനവ് (പെട്രോളിയം ഒരായുധമായി അറബികൾ ഉപയോഗിച്ചത്), രണ്ടുമൂന്നു കൊല്ലക്കാലം നീണ്ടുനിന്ന വരൾച്ച ഇവയെല്ലാം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ പണപ്പെരുപ്പത്തിനും വിലക്കയറ്റത്തിനും വളർച്ചാനിരക്ക് കുറയ്ക്കുന്നതിനും ഇടയാക്കി. സാമ്പത്തിക ബുദ്ധിമുട്ടുകൾ പെരുകിയതോടെ തൊഴിലില്ലായ്മയും അന്ന് വർധിച്ചു. ആ അവസരം നോക്കിയാണ് ജയപ്രകാശ് നാരായണനും ജോർജ് ഫെർണാണ്ടസും മറ്റു പ്രതിപക്ഷ നേതാക്കാളും കൂടി സേവ് ഇന്ത്യ എന്ന പേരിൽ ഇന്ദിരാഗാന്ധിക്കെതിരായി പ്രക്ഷോഭണം തുടങ്ങിയത്. കൂനിന്മേൽകുരു എന്നോണം ആയിടക്കാണ് അലഹബാദ് ഹൈക്കോടതിയുടെ നിർണായകമായ വിധി ഇടിത്തീപോലെ ഇന്ദിരാഗാന്ധിയുടെ മേൽ പതിച്ചത്. യശ്പാൽ കപൂർ എന്ന തന്റെ രാജിവച്ച പി.എ. തിരഞ്ഞെടുപ്പ് ഏജന്റായി നിയമിക്കപ്പെട്ടപ്പോൾ, അന്നത്തെ തീയതിയിൽ കപൂറിന്റെ രാജി സർക്കാർ അംഗീകരിച്ച് ഉത്തരവി

റക്കിയിട്ടില്ലായിരുന്നുവെന്നും അതുകൊണ്ട് അന്നേദിവസം അദ്ദേഹം ഒരു സർക്കാർ ജീവനക്കാരൻ തന്നെയായിരുന്നുവെന്നും സർക്കാർ ജീവനക്കാരനെ തിരഞ്ഞെടുപ്പ് ഏജന്റായി നിയോഗിച്ചത് തിരഞ്ഞെടുപ്പ് അഴിമതി (corrupt practice) യാണെന്നും അക്കാരണത്താൽ ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ് അസാധുവാക്കിയിരിക്കുന്നുവെന്നും അടുത്ത ആറുകൊല്ലക്കാലത്തേക്ക് ഇന്ദിരാഗാന്ധി തിരഞ്ഞെടുപ്പിൽ മൽസരിക്കാൻ അയോഗ്യയാണെന്നും അലഹബാദ് ഹൈക്കോടതി വിധി പ്രസ്താവിച്ചു. ഇതിനെത്തുടർന്ന് വഴിമുട്ടിയ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥയുടെ പ്രഖ്യാപനവുമായി മുന്നോട്ടുവരികയായിരുന്നു. (ജൂൺ 1975).

ഇന്ന് ഇന്ത്യയിൽ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചാ നിരക്ക് താഴോട്ടു പോകുന്നു. അതിനുപുറമേ നോട്ട് റദ്ദാക്കലിന്റെ ഫലമായി അനേകം ചെറുകിട ബിസിനസുകൾ തളർന്നുവീണു. ജി.എസ്.ടി നിയമം നടപ്പാക്കിയതോടെ നിരവധി ചെറുകിട ബിസിനസുകൾ നിൽക്കക്കള്ളിയില്ലാതെ അടച്ചുപൂട്ടാൻ നിർബന്ധിതമാകുന്ന സ്ഥിതി – ഇവയെല്ലാം കൂടി നരേന്ദ്ര മോദിയെ വിഷമിപ്പിക്കുന്നു. ഇതിനുപുറമെ പാർട്ടിതലവൻ അമിത്ഷായുടെ മകന്റെ പേരിലുള്ള അഴിമതി ആരോപണങ്ങളും പൊന്തിവന്നിരിക്കുന്നു.

ജി.എസ്.ടി. നിയമം നടപ്പാക്കുന്നതിലുണ്ടായ അപാകതകൾ എല്ലാ സാധനങ്ങളുടെയും വില ഉയർത്തിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ സാധാരണക്കാർക്ക് അസംതൃപ്തി മാത്രം സമ്മാനിക്കുന്ന നിലയിലേക്ക് മോദി സർക്കാർ പതിക്കുകയാണോ? എണ്ണവില കുറഞ്ഞിട്ടുപോലും ഇതാണ് സ്ഥിതിയെങ്കിൽ സമ്പദ്‌വ്യവസ്ഥയുടെ മാനേജ്മെന്റിന്റെ കാര്യത്തിൽ എവിടെയോ ഗുരുതരമായ പാളിച്ചകൾ സംഭവിച്ചിട്ടില്ലേ? ബിസിനസുകൾ വളരണമെങ്കിൽ ബാങ്കുകളിൽനിന്നും ആവശ്യത്തിനു കടം ലഭ്യമാകണം. ഇവിടെ കിട്ടാക്കടങ്ങളുടെ ഭാരത്തിൽ തലകുനിച്ചുനിൽക്കുകയാണ് നമ്മുടെ സർക്കാർ ബാങ്കുകൾ. പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്കുപോലും ആവശ്യമായ വർക്കിംഗ് ക്യാപിറ്റൽ ലഭിക്കാതെ വരുമ്പോൾ അവയും ബുദ്ധിമുട്ടിലാകുന്നു. ഇതോടൊപ്പം വലിയ പ്രതീക്ഷയോടെ നാം തുടങ്ങിവച്ച സ്കിൽ ഡവലപ്മെന്റ് പദ്ധതികളും ലക്ഷ്യംകാണാതെ ചാഞ്ചാടുന്നു. മാസംതോറും തൊഴിൽമാർക്കറ്റിലേക്ക് തൊഴിൽ തേടി എത്തുന്ന 12 ലക്ഷം ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ എവിടെ? ഇതെല്ലാംകൂടി നോക്കുമ്പോൾ 1974–75 കാലത്ത് ഇന്ദിരാഗാന്ധി നേരിട്ടതുപോലുള്ള ഒരു പ്രതിസന്ധിയിലേക്ക് നരേന്ദ്ര മോദി നടന്നടുക്കുകയാണോ? അന്ന് ഇന്ദിരാഗാന്ധിക്ക് ജയപ്രകാശ് നാരായണന്റെ പ്രക്ഷോഭണം നേരിടേണ്ടിവന്നെങ്കിൽ ഇന്ന് നരേന്ദ്രമോദിക്ക് ശക്തിയാർജ്ജിച്ച് ഉയർത്തെഴുന്നേൽക്കുന്ന കോൺഗ്രസ്സിനെയും രാഹുൽ ഗാന്ധിയെയും നേരിടേണ്ടിവന്നിരിക്കുന്നു. അപ്പോഴാണ് നിർണായകമായ ഗുജറാത്ത് നിയമസഭാ തിരഞ്ഞെടുപ്പും വന്നടുക്കുന്നത്. പട്ടേൽ വിഭാഗത്തിന്റെ പിന്തുണ കൂടി നേടുന്ന കോൺഗ്രസ്സ് നരേന്ദ്ര മോദിയെ ഞെട്ടിപ്പിക്കുന്ന വിജയം നേടിയാൽ അന്ന് ഇന്ദിരാ ഗാന്ധിക്കുണ്ടായ പ്രതിസന്ധിതന്നെയായിരിക്കും മോദിയും അഭിമുഖീകരിക്കേണ്ടിവരുന്നത്.

അന്ന് പ്രതിസന്ധിക്ക് പരിഹാരമാർഗമായി ഇന്ദിരാഗാന്ധി കണ്ടത് അടിയന്തരാവസ്ഥ പ്രഖ്യാപനം. ഇന്ന്?